# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 4629** **23.07.2015 ൽ മറുപടിയ്ക്ക്**

## പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ :

(എ) അനെർട്ടിന്റെ ചുമതലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് കാലതാമസം നേരിടുന്നുവെന്ന പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കാലതാമസം വരുത്തുന്ന വിഷയങ്ങളിൽ അനെർട്ടിന്റെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ;

(സി) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി അനെർട്ടിന്റെ ചുമതലയിൽ ചേർത്തല താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്ന സൗരവൈദ്യുതീകരണ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ആയത് എന്തുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാത്തതെന്നും പറയാമോ?

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
( ഊർജ്ജ വകുപ്പ് മന്ത്രി)

(എ) സാങ്കേതിക കാരണങ്ങളാൽ ചില പദ്ധതികൾക്ക് കാലതാമസം വരുന്നതായി കാണുന്നുണ്ട്.

(ബി) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ കാലതാമസമില്ലാതെ പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

(സി) അനെർട്ടിന്റെ ചുമതലയിൽ ചേർത്തല താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്ന സൗര വൈദ്യുതീകരണ പദ്ധതിക്കായി G.O(Rt)2129/2013/ H&FWD dated 18.06.2013 എന്ന ഉത്തരവ് വഴി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ അനെർട്ടിന് ഡെപ്പോസിറ്റായി ലഭിക്കേണ്ട തുക മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തെറ്റായി നൽകിയിരുന്നതിനാൽ ഈ തുക അനെർട്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി അനെർട്ട് ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക 29.05.2015 ൽ മാത്രമാണ് അനെർട്ടിൽ ലഭ്യമായത്. ഇപ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്ന കാര്യത്തിൽ കാലതാമസം വന്നുവെങ്കിലും ഭരണാനുമതിയുടെ

അടിസ്ഥാനത്തിൽ സൗരോർജ്ജ പവർപ്ലാന്റ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ആവശ്യമായ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ഇതു ലഭിച്ചു കഴിഞ്ഞാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ